4. ഉൾനാടൻ മത്സ്യബന്ധന മേഖലയിൽ അനധികൃത ഊന്നിവല/ചീനവല ഇവയുടെ പ്രവർത്തനം സംബന്ധിച്ച് പഠിക്കാൻ ഒരു കമ്മിറ്റിയെ നിയോഗിച്ചു. കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. അനധികൃത ഊന്നി/ചീനവലകളും നിരോധിത മത്സ്യബന്ധന പ്രവർത്തനങ്ങളും ഏറ്റം കെട്ടും തടയുന്നതിനായി നിലവിലുള്ള ഫിഷറീസ് നിയമത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നുണ്ട്. ഓരുജല മത്സ്യകൃഷി വ്യാപകമാക്കുന്നതിന് ഓരുജല മത്സ്യകർഷക വികസന ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്. കലാവർ കമ്മിറ്റിയുടെ മറ്റ് ശുപാർശകൾ പൂർണ്ണമായി നടപ്പാക്കുന്നതിനുവേണ്ടി സമഗ്ര ഉൾനാടൻ ഫിഷറീസ് ബിൽ തയ്യാറാക്കി വരുന്നു.

(ബി) സംസ്ഥാനത്ത് ഇതുവരെ 4,154 യന്ത്രവൽകൃത ബോട്ടുകൾക്ക് രജിസ്ട്രേഷനും ലൈസൻസും നൽകിയിട്ടുണ്ട്. ഇതിൽ 1,242 ബോട്ടുകളുടെ രജിസ്ട്രേഷൻ ലൈസൻസ് റദ്ദ് ചെയ്തിട്ടുണ്ട്. എത്ര ബോട്ടുകൾ പ്രവർത്തനക്ഷമമാണെന്ന് വ്യക്തമായ കണക്കുകൾ ലഭ്യമല്ല. ഇപ്പോൾ ഉള്ള ബോട്ടുകൾ നമ്മുടെ കടൽത്തീരത്തിന് താങ്ങാവുന്നതാണെന്നും അല്ലെന്നുമുള്ള വ്യത്യസ്ത അഭിപ്രായമാണ് ജില്ലാതലത്തിൽനിന്ന് ലഭിച്ചിട്ടുള്ളത്.

(സി) പരമ്പരാഗത മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി മൺസൂൺ കാലത്ത് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിവരുന്നു. കൂടാതെ വിവിധ ക്ഷേമ പദ്ധതികളും നടപ്പാക്കുന്നുണ്ട്. അവ അനുബന്ധത്തിൽ കൊടുക്കുന്നു.†

മൽസ്യോൽപ്പന്ന കയറ്റുമതി

20 [5396] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തിന് സമുദ്രോല്പന്ന കയറ്റുമതി നടത്തിയതിൽ എന്ത് വിദേശനാണ്യം ലഭ്യമായി എന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തുനിന്നും ഏറ്റവും കൂടുതൽ കയറ്റുമതി ചെയ്യുന്ന സമുദ്രോൽപന്നം/മത്സ്യം ഏതാണെന്നും, ഈ സർക്കാർ വന്നതിനുശേഷം എന്തുമാത്രം മത്സ്യവും ഇതര സമുദ്രോൽപന്നവും കയറ്റുമതി ചെയ്തു എന്നും വിശദമാക്കുമോ;

(സി) അന്താരാഷ്ട്ര കമ്പോളത്തിൽ വില വർദ്ധിക്കുന്നതിനനുസരിച്ച് കയറ്റുമതി നടത്തുന്ന മത്സ്യങ്ങൾ ആനുപാതികമായ വിലയും കൂലിയും മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുവാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2001-02, 2002-03 വർഷത്തിൽ താൽക്കാലിക കണക്കുപ്രകാരം സമുദ്രോല്പന്ന കയറ്റുമതിയിനത്തിൽ യഥാക്രമം 950.55, 1013.39 കോടി രൂപയുടെ വിദേശനാണ്യം ലഭിച്ചു.

(ബി) കൊഞ്ച് ഇനത്തിൽപ്പെട്ട മത്സ്യമാണ് ഏറ്റവും കൂടുതൽ കയറ്റുമതി ചെയ്യുന്നത്. രണ്ടാം സ്ഥാനത്ത് കണവ വർഗ്ഗത്തിൽപ്പെട്ട മത്സ്യമാണ്.

2001-02 വർഷത്തിൽ 72,256 മെ. ടൺ സമുദ്രോല്പന്നം/മത്സ്യവും 2002-03 സാമ്പത്തിക വർഷത്തിൽ 79,003 മെ.ടൺ മത്സ്യവും ഇതര ഉല്പന്നവും, 2003-04-ൽ ഏപ്രിൽ മുതൽ ജൂൺ മാസാവസാനംവരെ 12,456 മെ.ടൺ (താൽക്കാലികം) മത്സ്യവും കയറ്റുമതി ചെയ്തു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മത്സ്യോല്പാദകർക്കും തൊഴിലാളികൾക്കും ഉയർന്ന വിലയും കൂലിയും ഉറപ്പ് വരുത്തിക്കൊണ്ട് ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി മത്സ്യഫെഡ് സഹായത്തോടെ പ്രവർത്തിക്കുന്ന മത്സ്യ സഹകരണ സംഘങ്ങൾ നിലവിലുണ്ട്.

അന്താരാഷ്ട്ര കമ്പോളത്തിലെ വില വർദ്ധനവിനാനുപാതികമായി കടലോരത്ത് മത്സ്യ വില ഉയർത്തുകയും അതിന്റെ ഗുണം കൂലിയിനത്തിൽ തൊഴിലാളികൾക്ക് ലഭിക്കുകയും ചെയ്യാറുണ്ട്. മാത്രമല്ല തൊഴിലാളി/തൊഴിലുടമ, കരാറുകളുടെയും മറ്റു തൊഴിൽ നിയമങ്ങളുടെയും അടിസ്ഥാനത്തിലാണ് മത്സ്യ കയറ്റുമതി രംഗത്തെ കൂലി നിശ്ചയിച്ചിട്ടുള്ളത്. അന്താരാഷ്ട്ര കമ്പോളത്തിലെ വിലയുമായി അതിന് നേരിട്ട് ബന്ധമില്ല.

കടലിലെ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിന് നടപടി

21 [5397] ശ്രീ. ഇ. എം.അഗസ്തി:
,, കെ. അച്ചുതൻ:
,, കെ. സി. വേണുഗോപാൽ:
,, ടി എൻ. പ്രതാപൻ:
,, എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഇനത്തിൽപ്പെടുന്ന മത്സ്യക്കുഞ്ഞുങ്ങളെ ഈ പദ്ധതിയുടെ ഭാഗമായി കടലിൽ വിട്ടിട്ടുണ്ട്;

(സി) ഇപ്രകാരം ചെയ്തതിന്റെ ഫലമായി മത്സ്യസമ്പത്ത് എത്രമാത്രം വർദ്ധിച്ചു എന്ന് പറയാമോ?

ഉത്തരം

(എ) മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി എല്ലാ വർഷവും മത്സ്യ പ്രജനന കാലത്ത് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിവരുന്നു. കടലിന്റെ അടിത്തട്ടിൽ അനുയോജ്യമായ സ്ഥലങ്ങളിൽ മത്സ്യങ്ങളെ ആകർഷിക്കുന്നതിനും ആവാസകേന്ദ്രമായി സ്വീകരിച്ച് മുട്ടയിട്ട് പെരുകുന്നതിനും കൃത്രിമ പാര് സ്ഥാപിക്കുന്ന ഒരു പദ്ധതിയും, സീറാഞ്ചിംഗ് പദ്ധതിയും സമുദ്രസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കിവരുന്നു.

(ബി) കാര, നാരൻ ഇനത്തിൽപ്പെട്ട മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് പദ്ധതി നടപ്പാക്കിവരുന്നു.

(സി) കണക്കാക്കിയിട്ടില്ല.

ഉൾനാടൻ മത്സ്യബന്ധന മേഖല നേരിടുന്ന വിപത്തുകൾ

22 [5398] ശ്രീ. തോമസ് ഉണ്ണിയാടൻ:
,, സ്റ്റീഫൻ ജോർജ്ജ്:
,, ജോസഫ് എം. പുതുശ്ശേരി:
,, മാമൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly